


## HOLY COMMUNION WORSHIP SERVICES

**Malayalam Holy Communion Worship Services on Every Sunday at Mussaffah Church @ 8:00am and St. Andrews Church @ 8:00pm**

---

**English Holy Communion Worship Service on March 12th Saturday at Mussafah Church @ 7:30pm**
**Malayalam Holy Communion Worship Service on 26th Saturday at Mussafah Church @ 7:30pm**

Vicar : Rev.Jiju Joseph
Mob. : 050 4451160
Tel. : 02 4464562
Email : vicar.admtc@gmail.com

Asst. Vicar : Rev. Ajith Eapen Thomas
Mob. : 050 2171188
Tel. : 02 5550880
Email : asstvicar.admtc@gmail.com

Church Office
Tel. : 02 5555300
Fax : 02 4450121
Jossy : 056 3150707

www.abudhabimarthomachurch.com
THE MAR THOMA CHURCH - ABU DHABI

Private Circulation Only

LIGHTED TO LIGHTEN
The Mar Thoma Church - Abu Dhabi



# Parish Newsletter

## March 2022

GOLDEN JUBILEE YEAR



ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ

കർത്താവിൽ പ്രിയരേ,

നാം വലിയ നോമ്പിലേക്കു പ്രവേശിച്ചു. വലിയ നോമ്പ് ആരംഭിക്കുന്നത് അനുരഞ്ജനത്തിന്റെ ശുശ്രൂഷയോടു (ശുബ്ക്കോനൊ) കൂടെയാണ്. അനുരഞ്ജനം സാധ്യമാകാതെ നോമ്പിലേക്കു പ്രവേശിക്കുന്നതിൽ അർത്ഥമില്ല. ഫെബ്രുവരി 27 കൊത്തിനേ ഞായർ - കാനാവിൽ കർത്താവ് വെള്ളത്തെ വീഞ്ഞാക്കിയതിനെ അനുസ്മരിക്കുന്നു. കർത്താവ് രൂപാന്തരപ്പെടുത്തുന്നവനാണ്. പച്ചവെള്ളത്തിനെ അവൻ വീഞ്ഞാക്കി മാറ്റി. അവൻ നമ്മെ രൂപാന്തരപ്പെടുത്തുകയും നമ്മുടെ ജീവിതത്തിനു രുചിയും വീര്യവും വർധിപ്പിച്ചു തരികയും ചെയ്യും. അതിനാൽ ഈ വർഷത്തെ നോമ്പാചരണത്താൽ ആത്മീയമായ ഒരു മുന്നേറ്റം നമുക്കുണ്ടാകുവാൻ പ്രാർത്ഥിക്കാം. ഭക്ഷ്യ വർജ്ജനം നോമ്പിന്റെ ഒരു ഭാഗമാണ്. എന്നാൽ അത് എല്ലാമല്ല. എന്നുകരുതി, അത് വേണ്ട എന്നല്ല. രുചി വെടിയുമ്പോൾ മറ്റുള്ളവർക്ക് രുചി പകരുവാൻ ഈ നോമ്പുകാലം നമ്മെ ഉദ്ബോധിപ്പിക്കുന്നു. ദൈവത്തിന് ഇഷ്ടമുള്ള നോമ്പ് ആചരിക്കുവാൻ നമുക്ക് സാധ്യമാവട്ടെ (യെശയ്യാവ് 1 :10 - 20).

ഇടവകയുടെ സുവർണ്ണ ജൂബിലി പ്രൊജക്ടുകളും പ്രോഗ്രാമുകളുമൊക്കെ അനുഗ്രഹപ്രദമായി മുൻപോട്ടു കൊണ്ടുപോകുവാൻ ദൈവം നമ്മെ സഹായിക്കുന്നതോർത്തു നന്ദിയോടെ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ ചെറിയ ചുവടു വയ്പുകളിൽ അത്ഭുതങ്ങളെ കാട്ടിത്തരുന്നവനാണ് ദൈവം. നമ്മുടെ ചെറിയ പരിശ്രമങ്ങളെപ്പോലും അവൻ മാനിക്കും. തുടർന്നും ദൈവരാജ്യ അഭിവൃദ്ധിക്കായി നമുക്ക് കൈകോർക്കാം.

നാം ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലേക്ക് എത്തിയല്ലോ. ഈ സാമ്പത്തിക വർഷം നാം ചെയ്യാൻ ഉദ്ദേശിച്ചതും നൽകാൻ ഉദ്ദേശിച്ചതും താമസംവിനാ നടത്തുന്നത് സഹായകരമാകും. പുതിയ വർഷം ചുമതലകളിലേക്കു പ്രവേശിക്കുന്നവർക്ക് കൂടുതൽ ദൈവീക കൃപ അനുഭവിക്കുവാൻ കർത്താവ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മാർച്ചു മാസത്തിൽ രണ്ട് എപ്പിസ്കോപ്പാമാർ നമ്മുടെ ഇടവക സന്ദർശിക്കുന്നു എന്നത് സന്തോഷകരമാണ്. അഭിവന്ദ്യ ഡോ. ഐസക്ക് മാർ ഫീലക്സിനോസ് തിരുമേനി മാർച്ച് 13 നും ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ തിമോഥെയോസ് തിരുമേനി മാർച്ച് 30 മുതലുള്ള ദിവസങ്ങളിലും ഇടവക സന്ദർശിക്കും. ഈ അഭിവന്ദ്യ തിരുമേനിമാരുടെ സന്ദർശനങ്ങൾ നമ്മുടെ ഇടവകയ്ക്ക് അനുഗ്രഹകരമായിത്തീരട്ടെ എന്ന് പ്രത്യേകാൽ പ്രാർത്ഥിക്കുന്നു.

കർത്താവിന്റെ വചനകളാൽ നമ്മുടെ ജീവിതങ്ങൾ കെട്ടുപണി ചെയ്യാം. ഈ നോമ്പുകാലം നമ്മുടെ രൂപാന്തരത്തിന്റെയും പുതുക്കത്തിന്റെയും സമയങ്ങളായിത്തീരട്ടെ. അതിനായി കർത്താവ് നമ്മെ സഹായിക്കട്ടെ.

കർത്തൃ ശുശ്രൂഷയിൽ

അജിത് ഈപ്പൻ അച്ചൻ

## Ushers For the Month - March 2022

| Date | Prayer Group | Topic | Lesson 1 / 2 | Epistle / Gospel |
|---|---|---|---|---|
| 06 MAR. SUN (Mus)<br>06 MAR. SUN(St.Andr) | MADINAT ZAYED<br>C3 | Gives Healing that Comfort,<br>സ്വാന്തനം നൽകുന്ന സൌഖ്യം | 2Kgs 5:1-14<br>Phlm 1:8-21 | Phil 2:21-30<br>Mark 1:40-45 |
| 12 MAR . SAT (Mus)<br>13 MAR . SUN (Mus)<br>13 MAR. SUN(St.Andr) | SAVIKA SANGHAM<br>MUS-1<br>D1 | Healing through Forgiveness of Sins,<br>പാപമോചനത്തിലൂടെ ലഭിക്കുന്ന സൌഖ്യം | 2Sam 12:1-13<br>Acts 8:9-17 | 1Pet 2:21-25<br>Mark 2:1-12 |
| 20 MAR . SUN (Mus)<br>20 MAR. SUN(St.Andr) | MUS-2<br>D2 | Universal salvation in Christ<br>സാർവ്വത്രിക രക്ഷ ക്രിസ്തുവിൽ | Isa 45:1-8<br>Acts 10: 34-43 | 1 Cori 1:18-25<br>Matt 15:21-28 |
| 26 MAR . SAT (Mus)<br>27 MAR . SUN (Mus)<br>27 MAR.SUN (St.Andr) | PARISH MISSION<br>MUS-3<br>SHABIA | Worship – which gives Perfection to Personhood, ആളത്വത്തിന്റെ പൂർണ്ണത നൽകുന്ന ആരാധന | Isa 66:19-24<br>Acts 2:22-36 | Rom 8:31-39<br>Luke 13:10-17 |

## March Programs - Highlights

Parish Mission and 31 Prayer Groups Prayer Meeting on 1st March Tuesday @ 7:45pm at Mussaffah Church





WAYS-Medfellowship programme on the month of March 2022.

## Episcopal Visit



**Rt. Rev.Dr. Issac Mar Philoxenos Episcopa will visit our Parish on March 13th Sunday and will be the Chief Celebrant of the Holy Communion Service**



**Our Diocesan Bishop**
**Rt. Rev. Thomas Mar Timotheos Episcopa will be visiting our Parish by the end of March**

കൊടുപ്പിൻ
എന്നാൽ നിങ്ങൾക്ക്
കിട്ടും·അമർത്തി കുലുക്കി
കവിയുന്നൊരു
നല്ല അളവ് നിങ്ങളുടെ മടിയിൽ
തരും·നിങ്ങൾ അളക്കുന്ന
അളവിനാൽ നിങ്ങൾക്കും
അളന്നു കിട്ടും·

Luke 6:38

*Hospice Project - 3D Model*




*Golden Jubilee Projects*

1. Hospice at Mannarakulanji
2. Home for Homeless 10 Nos
   - 3 Mission Homes
   - 6 Homes for Mar Thoma Evangelists
   - 1 House construction support for our Caretaker
3. Education support for 20 children of evangelists
4. School fees support for Parish members
5. Medical support for Homeland fellowship members
6. Support for E J Institute, Kompady
7. Utkal Project

## സാന്ത്വനം 2021 - '22

പ്രിയ ഇടവകാംഗങ്ങളെ,

ആഗോള വ്യാപകമായി കോവിഡ് മഹാമാരി സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി നമ്മുടെ എല്ലാവരുടെയും ജീവിത ക്രമത്തിന്റെ താളം തെറ്റിച്ചിരിക്കുകയാണല്ലോ.

സമാനതകളില്ലാത്ത ഈ പ്രതികൂല സാഹചര്യത്തെ ക്രിസ്തുവിനോട് ചേർന്ന് നമുക്ക് അതിജീവിക്കാം.അതിജീവനം അനിവാര്യതയാകയാൽ ഒത്തൊരുമയോടെ സമൂഹത്തിന്റെ നവനിർമിതിക്കായി നമുക്ക് കൈകോർക്കാം.

ഇടവകയായി, നമുക്ക് ഒരുമിച്ച് പാരസ്പരികതയോടെ , സാന്ത്വനത്തിന്റെയും സഹജാത സ്നേഹത്തിന്റെയും കരുതലിന്റെയും പുത്തൻതുരുത്തുകൾ സൃഷ്ടിക്കാം. പ്രതീക്ഷയുടെയും പ്രത്യാശയുടെയും പ്രകാശകിരണങ്ങളാവാം.

നമ്മുടെ ഇടവകയുടെ കൊയ്ത്തുത്സവം മാസങ്ങളുടെ പ്രാർത്ഥനയുടെയും തയ്യാറെടുപ്പിന്റെയും പ്രയത്നത്തിന്റെയും പരിസമാപ്തി കുറിക്കുന്ന ആഹ്ലാദപ്രദമായ സുദിനമാണല്ലോ. കൊയ്ത്തുത്സവം ലഭിച്ച നന്മകൾക്ക് കൃതജ്ഞത അർപ്പിക്കുന്ന അവസരവും ,നമ്മുടെ കൂട്ടായ്മയുടെയും പങ്കിടിലിന്റെയും ഉത്സവമാണല്ലോ.

എന്നാൽ , ഈ വർഷവും കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ മുൻ വർഷങ്ങളിൽ നടത്തുന്ന രീതിയിൽ വിപുലമായി കൊയ്ത്തുത്സവം ക്രമീകരിക്കുവാൻ സാധ്യമല്ല എന്ന് നമുക്ക് അറിയാമല്ലോ.
നമുക്കറിയാവുന്നതുപോലെ നമ്മുടെ ഇടവക ഓരോ വർഷവും നടത്തുന്ന ജീവകാരുണ്യ പ്രവർത്തങ്ങളുടെ മുഖ്യ വരുമാന സ്രോതസ്സ് കൊയ്ത്തുത്സവത്തിൽ നിന്നും ലഭിക്കുന്ന ധനമാണ്.

ഇടവകയുടെ അനുദിന ചിലവുകളും കൊയ്ത്തുത്സവ വരുമാനത്തിൽ നിന്ന് വേണം കണ്ടെത്തുവാൻ . ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ **"ദശാംശ വിഹിതം"** മാറ്റിവച്ചു ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഇടവകാംഗങ്ങളുടെ ദശാംശ വിഹിതത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ ഒരു വിഹിതം KUMBANDU KIDNEY DIALYSIS CENTRE നും ഇടവകയുടെ വിവിധ

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഒപ്പം നമ്മുടെ ഇടവകയുടെ അനുദിന ചിലവുകൾ നിർവഹിക്കുന്നതിനും ഇതിലൊരു വിഹിതം ഉപയോഗിക്കുന്നതായിരിക്കും.

നമ്മുടെ ദശാംശ സമർപ്പണം ചെറുതോ വലുതോ എന്നുള്ളതിലല്ല ,നമ്മുടെ പ്രാപ്തി പോലെ നൽകികൊണ്ട് പങ്കാളിത്തം ഉറപ്പാക്കുവാൻ നാം ഓരോരുത്തരും ശ്രദ്ധിക്കണം.

ഹാബേലിന്റെ യാഗം പോലെ ...

നോഹയുടെ കാഴ്ച പോലെ ...

അഹരോന്റെ ധൂപം പോലെ ....

ദൈവ പ്രസാദമുള്ളതായി നമ്മുടെ സമർപ്പണം ആയിത്തീരട്ടെ.

**ദശാംശ വിഹിതം** പ്രാർത്ഥനാ ഗ്രൂപ്പ് ലീഡറിന്റെ പക്കലോ ഇടവക ട്രസ്റ്റിലോ **മാർച്ച് 15 നു മുൻപ്** അടയ്ക്കണമെന്ന് താല്പര്യപ്പെടുന്നു.

എവരുടെയും ഹൃദയപൂർവമായ പ്രാർത്ഥനയും ആത്മാർത്ഥമായ പങ്കാളിത്തവും അഭ്യർത്ഥിക്കുന്നു.

കൈകഴുകുമ്പോഴും സഹജരെ കൈവിടാതെയും മുഖം മറയ്ക്കുമ്പോഴും മനസ്സ് തുറന്നും , കൂട്ടമാകാതെ കൂടെനിന്നും സഹയാത്രികർക്കു സാന്ത്വനമായി ,തണലായി ക്രിസ്തുവിന്റെ കനിവിന്റെ കരങ്ങളായി നമുക്ക് ഈ കാലവും അതിജീവിക്കാം .ഓർക്കുക , അതിജീവനമെന്നാൽ ഇനി സഹജീവനമാണ്.


## Ormakalude Pookkalam



## Farewell



**MATHEW K. GEORGE**
Roll No. M299
A2 Prayer Group



**BRETTY BABY CHACKO**
Roll No. C157
B3 Prayer Group

## New Members



Name: **TINJO TANKACHAN**
Roll No.: **T468**
Prayer Group: **Mussafah-4**
Home Parish: **Jerusalem Mar Thomas Church, Andoor**
Mob.: **056 960 0163**



Name: **JAYAN G. MATHEW**
Roll No.: **M562**
Prayer Group: **Mussafah-3**
Home Parish: **Immanuel Mar Thoma Church, Pathanapuram**
Mob.: **050 435 8492**

## Obituary

***Expressing deepest condolences to our members' families whose dear ones have been taken to heavenly abode***